**KERALA FEEDS LTD.**
(A Govt. of Kerala Undertaking)
Thiruvangoor Post, Chemanchery Via, Kozhikode-673 304
Phone: 0496 2686505
E-mail: hr.kflkkd@gmail.com

KFL/KKD/61/2018 24/01/2026

## ദർഘാസ് ഫോറം

കമ്പനിയുടെ കോഴിക്കോട് തിരുവങ്ങൂർ യൂണിറ്റിലെ ബോയ്‌ലറിന്റെ ചിമ്മിനി (ഏകദേശം **36** മീറ്റർ ഉയരത്തിലുള്ളത്), ചേർന്നുള്ള കോണി, പ്ലാന്റിൽ ഉപയോഗിക്കുന്ന **1010 KVA** ഡീസൽ ജനറേറ്ററിന്റെ ചിമ്മിനി, അതിന്റെ സ്ട്രക്ചറൽ സപ്പോർട്ട്, എന്നിവ വൃത്തിയാക്കി രണ്ട് ആവർത്തി ഹീറ്റ് റെസിസ്റ്റൻസ് പെയ്ന്റ് ഉപയോഗിച്ച്, പെയ്ന്റ് ചെയ്യുന്നതിനുള്ള ദർഘാസ് ഫോറം.

**ദർഘാസ് ഫോറത്തിന്റെ എല്ലാ പേജുകളിലും കരാറുകാരൻ ഒപ്പിടേണ്ടതാണ്.**

ദർഘാസ് ഫോറം ലഭിക്കുന്ന തീയതി : 17-02-2026 മുതൽ 27-02-2026 വരെ

ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 27-02-2026, 2 PM

ദർഘാസുകൾ തുറക്കുന്ന തീയതി : 27-02-2026, 3:30 PM

ദർഘാസ് സമർപ്പിക്കുന്ന ആളുടെ പേര് :

വിലാസം :

ഫോൺ :

**ദർഘാസുകാരന്റെ പേര്, ഒപ്പ്**

**KERALA FEEDS LTD.**
(A Govt. of Kerala Undertaking)
Thiruvangoor Post, Chemanchery Via, Kozhikode-673 304
Phone: 0496 2686505
E-mail: hr.kflkkd@gmail.com
Website: www.keralafeeds.com

KFL/KKD/61/2018 24/01/2026

## ലഘുദർഘാസ്

കമ്പനിയുടെ കോഴിക്കോട് തിരുവങ്ങൂർ യൂണിറ്റിലെ ബോയ്‌ലറിന്റെ ചിമ്മിനി (ഏകദേശം **36** മീറ്റർ ഉയരത്തിലുള്ളത്), ചേർന്നുള്ള കോണി, പ്ലാന്റിൽ ഉപയോഗിക്കുന്ന **1010 KVA** ഡീസൽ ജനറേറ്ററിന്റെ ചിമ്മിനി, അതിന്റെ സ്ട്രക്ചറൽ സപ്പോർട്ട്, എന്നിവ വൃത്തിയാക്കി രണ്ട് ആവർത്തി ഹീറ്റ് റെസിസ്റ്റൻസ് പെയ്ന്റ് ഉപയോഗിച്ച് പെയ്ന്റ് ചെയ്യുന്നതിനുള്ള ദർഘാസ് ഫോറം.

### ദർഘാസ് സമർപ്പിക്കുന്നതിനുള്ള നിബന്ധനകൾ

**1. ദർഘാസ് ഫോറം ഫീസ് & നിരതദ്രവ്യം (EMD) എന്നിവയെ സംബന്ധിച്ച്**

- ദർഘാസ് ഫോറം ഫീസ് : ₹**150/- (including 18% GST)** ആണ്.
- ദർഘാസ് ചെയ്യുന്ന കരാറുകാരൻ ₹**1500/-** നിരതദ്രവ്യം **(EMD)** ആയി അടയ്ക്കണം.
- നിരതദ്രവ്യം അടയ്ക്കാത്ത ദർഘാസുകൾ പരിഗണിക്കപ്പെടുന്നതല്ല.
- ദർഘാസിൽ കരാർ ലഭിക്കാത്ത കരാറുകാരുടെ നിരതദ്രവ്യം, ദർഘാസ് ലഭിച്ച കരാറുകാരന് വർക്ക് ഓർഡർ നൽകിയതിന് ശേഷം മടക്കി നൽകുന്നതായിരിക്കും.
- നിരതദ്രവ്യത്തിന് കമ്പനി പലിശ നൽകുന്നതല്ല.

**2. യോഗ്യത സംബന്ധിച്ച മാനദണ്ഡങ്ങൾ**

ദർഘാസിൽ പങ്കെടുക്കുന്നവർക്ക്, കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ **(2023, 2024, 2025)** ഏതെങ്കിലും ഒരു വർഷത്തിനുള്ളിൽ, കുറഞ്ഞത് **₹2,00,000** (രണ്ട് ലക്ഷം) രൂപ മൂല്യമുള്ള ജോലികൾ, കരാറുകാരനെന്ന നിലയിൽ, ഏറ്റെടുത്ത് വിജയകരമായി പൂർത്തിയാക്കിയ, പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം. ഇത് തെളിയിക്കുന്നതിനായി പ്രവർത്തനപരിചയ സർട്ടിഫിക്കറ്റ് / വർക്ക് ഓർഡറുകൾ എന്നിവയുടെ പകർപ്പ് ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**3. ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

- മുൻപരിചയം തെളിയിക്കുന്ന രേഖകൾ
- നിരതദ്രവ്യവും, ദർഘാസ് ഫോറം ഫീയും അടച്ച രസീതിന്റെ പകർപ്പ്
- ജി.എസ്.ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ഉണ്ടെങ്കിൽ), (ഇല്ലെങ്കിൽ ജി.എസ്.ടി ഇല്ലെന്ന് വ്യക്തമാക്കുന്ന സത്യവാങ്മൂലം)
- പാൻ കാർഡിന്റെ പകർപ്പ്
- ദർഘാസ് ഫോറം, പൂർണമായും പൂരിപ്പിച്ച്, കരാറുകാൻ ഒപ്പിട്ടത് (അനുബന്ധം – **I**).
- ക്വട്ടേഷൻ, പൂർണമായും പൂരിപ്പിച്ച്, കരാറുകാൻ ഒപ്പിട്ടത് (അനുബന്ധം-**II**).
- സത്യവാങ്മൂലം, പൂർണമായും പൂരിപ്പിച്ച്, കരാറുകാൻ ഒപ്പിട്ടത് (അനുബന്ധം – **III**).

**4. നിരക്കുകൾ സംബന്ധിച്ച്**

- കരാറുകാരനെ **(L1)** നിശ്ചയിക്കുന്നത് ഏറ്റവും കുറവ് രൂപ രേഖപ്പെടുത്തിയതിന്റെ (**GST** ഉൾപ്പെടെ) അടിസ്ഥാനത്തിലായിരിക്കും.
- ക്വോട്ട് ചെയ്യുന്ന നിരക്കിൽ മാറ്റം അനുവദിക്കുന്നതല്ല.
- ക്വോട്ട് ചെയ്ത നിരക്കിൽ പി.എഫ്, ഇ.എസ്.ഐ, എന്നിവയും, **GST** അടക്കം എല്ലാ നികുതികളും ഉൾപ്പെട്ടിരിക്കണം.

**5. കരാറിന്റെ കാലാവധി**

ഈ കരാർ കാലാവധി, വർക്ക് ഓർഡർ ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തേക്ക് ആയിരിക്കും. ഈ കാലാവധിക്കുള്ളിൽ കരാറിൽ നിർദ്ദേശിച്ചിരിക്കുന്ന എല്ലാ ജോലികളും പൂർത്തിയാക്കേണ്ടതാണ്.

**6. പ്രതിഫലത്തെ സംബന്ധിച്ച്**

ജോലികൾ തൃപ്തികരമായി പൂർത്തിയാക്കിയ ശേഷം, ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിൽ നിന്ന് പ്രവർത്തി സാക്ഷ്യപത്രം വാങ്ങി നൽകിയതിന് ശേഷം ബിൽ സമർപ്പിക്കാം. നിയമാനുസൃതമായ കുറവുകൾ കിഴിവ് ചെയ്ത ശേഷം പേയ്മെന്റ് നൽകുന്നതായിരിക്കും.

**7. ദർഘാസുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ**

**a) പെയിന്റ് ചെയ്യേണ്ട സ്ഥലം**

കമ്പനിയുടെ കോഴിക്കോട് തിരുവങ്ങൂർ യൂണിറ്റിലെ ബോയ്‌ലറിന്റെ ചിമ്മിനി (ഏകദേശം 36 മീറ്റർ ഉയരത്തിലുള്ളത്), ചേർന്നുള്ള കോണി, പ്ലാന്റിൽ ഉപയോഗിക്കുന്ന 1010 KVA ഡീസൽ ജനറേറ്ററിന്റെ ചിമ്മിനി, അതിന്റെ സ്ട്രക്ചറൽ സപ്പോർട്ട്.

**b) ചെയ്യേണ്ട ജോലികൾ**

കമ്പനിയുടെ ബോയ്‌ലറിന്റെ ചിമ്മിനി (ഏകദേശം 36 മീറ്റർ ഉയരത്തിലുള്ളത്), കോണി, പ്ലാന്റിൽ ഉപയോഗിക്കുന്ന 1010 KVA ഡീസൽ ജനറേറ്ററിന്റെ ചിമ്മിനി, അതിന്റെ സ്ട്രക്ചറൽ സപ്പോർട്ട് എന്നിവ തുരുമ്പ് കളഞ്ഞ് വൃത്തിയാക്കിയതിനു ശേഷം കമ്പനി നൽകുന്ന പെയിന്റ് രണ്ട് ആവർത്തി പെയിന്റ് ചെയ്യേണ്ടതാണ്. ആവശ്യമായ പെയിന്റ് കമ്പനി നൽകുന്നതായിരിക്കും. മറ്റെല്ലാ സാധനസാമഗ്രികളും (തട്ടടിക്കുന്നതിനാവശ്യമായ വസ്തുക്കൾ ഉൾപ്പെടെ) കരാറുകാരൻ കൊണ്ടു വരേണ്ടതാണ്.

**8. അപകടങ്ങളെ സംബന്ധിച്ച്**

ജോലി സ്ഥലത്ത് ഉണ്ടാകുന്ന എല്ലാ അപകടങ്ങൾക്കും ഉത്തരവാദിത്വം കരാറുകാരനു മാത്രമായിരിക്കും. കരാറുകാരനോ, അയാൾ ഏർപ്പെടുത്തുന്ന തൊഴിലാളികളോ നേരിടുന്ന അപകടങ്ങൾക്കും മറ്റും കമ്പനിക്ക് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. ജോലി സമയത്ത് ഉണ്ടാകുന്ന സുരക്ഷാ വീഴ്ചകൾ മൂലമുണ്ടാകുന്ന അപകടങ്ങൾക്കും, നാശനഷ്ടങ്ങൾക്കും കരാറുകാരൻ തന്നെ പൂർണ്ണമായും ഉത്തരവാദിയായിരിക്കും. ഇക്കാര്യങ്ങളിൽ കമ്പനിക്ക് യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല. കരാർ ഉറപ്പിച്ച് ലഭിക്കുന്ന കരാറുകാരൻ, മുകളിൽ പറഞ്ഞ നിബന്ധനകൾ ഉൾപ്പെടുന്ന ₹500/- മൂല്യമുള്ള സ്റ്റാംപ് പേപ്പറിൽ ഒരു അണ്ടർടേക്കിംഗ് ഒപ്പുവെച്ച് നൽകേണ്ടതാണ്. മേൽ പറഞ്ഞ കാര്യങ്ങൾ മൂലം എന്തെങ്കിലും രീതിയിലുള്ള നാശനഷ്ടങ്ങൾ കമ്പനിയ്ക്കോ, കമ്പനിയിലെ ജീവനക്കാർക്കോ, കരാറുകാരന്റെ ജീവനക്കാർക്കോ, മറ്റ് ഏതെങ്കിലും വ്യക്തികൾക്കോ ഉണ്ടായാൽ, അതിന് ആവശ്യമായ നഷ്ടപരിഹാരം നൽകേണ്ട ഉത്തരവാദിത്വം കരാറുകാരനാണ്. കരാറുകാരന്റെ തൊഴിലാളികൾക്ക് ആവശ്യമായ എല്ലാ സുരക്ഷാ ഉപകരണങ്ങളും നൽകുകയും, ജോലി സമയത്ത് അവ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമാണ്. കൂടാതെ, തൊഴിലാളികൾക്ക് ആവശ്യമായ രജിസ്ട്രേഷൻ, ഇൻഷുറൻസ് കവറേജ് എന്നിവ എടുക്കുകയും, കേരള സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും നിയമപ്രകാരമുള്ള തൊഴിലാളി ക്ഷേമനിധി ഫണ്ടുകൾ യഥാസമയം അടയ്ക്കുകയും ചെയ്യേണ്ടതും കരാറുകാരന്റെ ബാധ്യതയാണ്.

**9. പൊതുവായ മാനദണ്ഡങ്ങളും നിബന്ധനകളും**

- കേരള ഫീഡ്സിലെ ജീവനക്കാരോ, ലോഡിംഗ് / അൺലോഡിംഗ് വിഭാഗത്തിലെ ജീവനക്കാരോ, അവരുടെ അടുത്ത ബന്ധുക്കളോ ഈ ദർഘാസിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.

- കരാറുകാരന്റെ ജോലികളിൽ നേരിട്ടോ അല്ലാതെയോ പങ്കെടുക്കുന്ന എല്ലാ തൊഴിലാളികളുടെയും ആരോഗ്യം, വേതനം, സുരക്ഷ, വെൽഫെയർ, നഷ്ടപരിഹാരം എന്നിവ സംബന്ധിച്ച കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നിയമങ്ങളും ചട്ടങ്ങളും കരാറുകാരൻ നിർബന്ധമായും പാലിക്കേണ്ടതാണ്.
- ദർഘാസ് നടപടികൾക്കുള്ള സമയം കണക്കിലെടുത്ത്, ദർഘാസ് തുറന്നതിനു ശേഷം സമർപ്പിച്ച ദർഘാസുകൾക്ക് **90** ദിവസത്തേക്ക് സാധുത ഉണ്ടായിരിക്കുന്നതാണ്.
- ദർഘാസിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തുന്നതിനും, കൂട്ടിച്ചേർക്കുന്നതിനും, നീക്കം ചെയ്യുന്നതിനും, ദർഘാസ് ഭാഗികമായോ പൂർണ്ണമായോ റദ്ദാക്കുന്നതിനും, നിരക്കുകൾ സംബന്ധിച്ച് കരാറുകാരുമായി ചർച്ച നടത്തുന്നതിനുമുള്ള പൂർണ്ണ അധികാരം മാനേജിംഗ് ഡയറക്ടർക്കാണ്. മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും. ഇതുമായി ബന്ധപ്പെട്ട് കരാറുകാരന് യാതൊരു വിധ നഷ്ടപരിഹാരത്തിനും അവകാശവും ഉണ്ടായിരിക്കുന്നതല്ല.
- കമ്പനിയിൽ ജോലി ചെയ്യുന്ന കരാറുകാരന്റെ തൊഴിലാളികളുമായി കേരള ഫീഡ്സ് ലിമിറ്റഡിന് തൊഴിലുടമ-തൊഴിലാളി ബന്ധമുണ്ടായിരിക്കുന്നതല്ല. തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ **(ESI, PF** മുതലായവ) സംബന്ധിച്ച മുഴുവൻ ഉത്തരവാദിത്വവും കരാറുകാരനാണ്. ഇതിൽ ഏതെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം, ആനുപാതികമായ തുക കരാറുകാരനിൽ നിന്ന് കമ്പനി ഈടാക്കുന്നതായിരിക്കും.
- കമ്പനി ആവശ്യപ്പെടുന്ന പക്ഷം, തൊഴിലാളികളുടെ എല്ലാ നിയമപരമായ പണമിടപാടുകളുടെയും രേഖകൾ ഹാജരാക്കേണ്ടതാണ്.
- കോൺട്രാക്ട് ലേബർ റെഗുലേഷൻ ആൻഡ് അബോളീഷൻ ആക്റ്റിലെയും **(Contract Labour Regulation & Abolition Act)**, മിനിമം വേജസ് ആക്റ്റിലെയും **(Minimum Wages Act)** വ്യവസ്ഥകൾ

പാലിക്കേണ്ടത് കരാറുകാരന്റെ ബാധ്യതയാകുന്നു. മറ്റ് ബാധകമായ തൊഴിൽ നിയമങ്ങളുടെയും വ്യവസ്ഥകളും, ചട്ടങ്ങളും പാലിക്കേണ്ടത് കരാറുകാരന്റെ നിർബന്ധിത ബാധ്യതയാണ്. തൊഴിലാളികൾ സുരക്ഷാ സാമഗ്രികൾ ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കുകയും, അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കമ്പനിയിലെ നിശ്ചിത ഉദ്യോഗസ്ഥനെ അറിയിക്കുകയും ചെയ്യേണ്ടതും കരാറുകാരന്റെ ഉത്തരവാദിത്വമാണ്.

- കരാറുകാരന്റെ പ്രവർത്തനങ്ങൾ തൃപ്തികരമല്ലാത്ത പക്ഷം, മുന്നറിയിപ്പ് കൂടാതെ തന്നെ കരാർ റദ്ദാക്കുന്നതിനും, പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ഒരു മാസത്തിൽ കുറയാത്ത നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കുന്നതിനും കമ്പനിക്ക് അധികാരം ഉണ്ടായിരിക്കും.
- പ്രസ്തുത കരാറിനെ സംബന്ധിക്കുന്ന എല്ലാ നിയമപരമായ നടപടികളുടെയും പരിധി ഇരിങ്ങാലക്കുട മുൻസിഫ് കോടതിയിലായിരിക്കും.
- മേൽ പറഞ്ഞ ജോലികൾ മുൻപരിചയമുള്ള വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ പൂരിപ്പിച്ച ക്വട്ടേഷനുകൾ **27-02-2026** ഉച്ചയ്ക്ക് **2.00** മണിക്ക് മുമ്പായി ലഭിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അതേ ദിവസം **3.30** മണിക്ക് തുറക്കുന്നതായിരിക്കും. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

ദർഘാസുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങൾക്കും കമ്പനിയുടെ പ്രൊഡക്ഷൻ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെടേണ്ടതാണ്.

***sd/-***

***മാനേജിങ് ഡയറക്ടർ***

KFL/KKD/61/2018 24/01/2026

**അനുബന്ധം – I**

**ടെൻഡർ ഫോം**

**From**

……………………..........................

……………………..........................

……………………..........................

**To**

The Managing Director

Kerala Feeds Ltd.

Thiruvangoor P.O

Chemanchery

Kozhikode – 673 304

**സർ,**

വിഷയം : കേരള ഫീഡ്സ് കോഴിക്കോട് യൂണിറ്റിലെ ബോയ്ലറിന്റെ ചിമ്മിനി (ഏകദേശം **36** മീറ്റർ ഉയരത്തിലുള്ളത്), ചേർന്നുള്ള കോണി, പ്ലാന്റിൽ ഉപയോഗിക്കുന്ന **1010 KVA** ഡീസൽ ജനറേറ്ററിന്റെ ചിമ്മിനി, അതിന്റെ സ്ട്രക്ചറൽ സപ്പോർട്ട്, എന്നിവ വൃത്തിയാക്കി രണ്ട് ആവർത്തി ഹീറ്റ് റെസിസ്റ്റൻസ് പെയ്ന്റ് ഉപയോഗിച്ച് പെയ്ന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട്.

**1.** മേൽ സൂചിപ്പിച്ച ടെൻഡറിലെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും, ജോലിയുടെ സ്വഭാവവും കൃത്യമായി വായിച്ച് ബോധ്യപ്പെട്ടിട്ടുള്ളതും, ജോലിയെ സംബന്ധിച്ച് വ്യക്തത വരുത്തുകയും ചെയ്തിട്ടുള്ളതാണ്. ഇതിൻ പ്രകാരം, കേരള ഫീഡ്സ് കോഴിക്കോട് യൂണിറ്റിലെ ബോയ്ലറിന്റെ ചിമ്മിനി (ഏകദേശം **36** മീറ്റർ ഉയരത്തിലുള്ളത്), ചേർന്നുള്ള കോണി, പ്ലാന്റിൽ ഉപയോഗിക്കുന്ന **1010 KVA** ഡീസൽ ജനറേറ്ററിന്റെ ചിമ്മിനി, അതിന്റെ

സ്ട്രക്ചറൽ സപ്പോർട്ട്, എന്നിവ വൃത്തിയാക്കി രണ്ട് ആവർത്തി ഹീറ്റ് റെസിസ്റ്റൻസ് പെയ്ന്റ് ഉപയോഗിച്ച്, പെയ്ന്റ് ചെയ്യുന്നതിനുള്ള തുക എല്ലാ നികുതി നിരക്കുകളും ഉൾപ്പെടെ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിച്ചിരിക്കുന്നു.

**2.** മേൽപ്പറഞ്ഞ ജോലികൾ നിർവഹിക്കുന്നതിനായി ഞാൻ സമർപ്പിച്ചിരിക്കുന്ന തുക എന്റെ പൂർണ്ണബോധ്യപ്രകാരാമുള്ളതാണെന്നും, കരാർ പ്രകാരമുള്ള കാലയളവിൽ ഈ തുകയിൽ യാതൊരു വിധത്തിലുള്ള വർധനവും ഉണ്ടായിരിക്കുന്നതല്ല എന്നത് സംബന്ധിച്ച് എനിക്ക് പൂർണ്ണബോധ്യമുള്ളതാകുന്നു.

**3.** ഈ ജോലി നിർവഹിക്കുന്നതിനുള്ള കരാർ എനിക്ക് ലഭിക്കുന്ന പക്ഷം, കമ്പനി നിർദ്ദേശിച്ച പ്രകാരം ₹**500**/- മൂല്യമുള്ള സ്റ്റാംപ് പേപ്പറിൽ ആവശ്യമായ അണ്ടർടേക്കിംഗ് ഒപ്പുവെച്ച് നൽകുന്നതായിരിക്കും.

വിശ്വസ്തതയോടെ,

ടെൻഡറുകാരന്റെ പേര് & ഒപ്പ്

വിലാസം :

ഫോൺ നമ്പർ :

ഇ-മെയിൽ ഐഡി :

**PAN** നമ്പർ :

**GST** നമ്പർ :

**TIN** നമ്പർ :

**KERALA FEEDS LTD.**
(A Govt. of Kerala Undertaking)
Thiruvangoor Post, Chemanchery Via, Kozhikode-673 304
Phone: 0496 2686505
E-mail: hr.kflkkd@gmail.com
Website: www.keralafeeds.com

KFL/KKD/61/2018 24/01/2026

**അനുബന്ധം II**

**ക്വട്ടേഷൻ**

| ക്രമ നമ്പർ | വർക്ക് | തുക |
|---|---|---|
| **1** | കമ്പനിയിലെ ബോയ്ലറിന്റെ ചിമ്മിനി, (ഏകദേശം **36** മീറ്റർ ഉയരത്തിലുള്ളത്) കോണി, പ്ലാന്റിൽ ഉപയോഗിക്കുന്ന **1010 KVA** ഡീസൽ ജനറേറ്ററിന്റെ ചിമ്മിനി, അതിന്റെ സ്ട്രക്ചറൽ സപ്പോർട്ട്, എന്നിവ വൃത്തിയാക്കി രണ്ട് ആവർത്തി ഹീറ്റ് റെസിസ്റ്റൻസ് പെയ്ന്റ് ഉപയോഗിച്ച് പെയ്ന്റ് ചെയ്യുന്നതിനുള്ള ഷോർട്ട് ക്വട്ടേഷൻ. | |
| **GST** | | |
| ആകെ തുക<br>(**GST**യും, മറ്റെല്ലാ നികുതികളും ഉൾപ്പെടെ) | | |

(ആകെ തുക അക്ഷരത്തിൽ) ……………………………………………………………..........

……………………………………………………………………………………………)

വിശ്വസ്തതയോടെ,

സ്ഥലം :
തീയതി :

ദർഘാസുകാരന്റെ പേര് :
ഒപ്പ് :

**Annexure III**

**AFFIDAVIT**

1. I, the undersigned do hereby certify that all the statements made in the attachments are true and correct.
2. The undersigned understands and agrees that further qualifying information may be requested, and agrees to furnish any such information at the request of KFL.
3. The undersigned also hereby authorize KFL and their authorized representative to conduct any enquiries or investigation to verify the statements, documents and information submitted in connection with this application, and to seek clarification from our bankers and KFL regarding any financial and technical capability. This will also serve as any financial and technical capability. This will also serve as authorization to KFL representative to contact in person or otherwise, any individual or authorized representative of any institution referred to in the supporting information and obtains such information as may be required by him to verify statements and information provided in this application, or with regard to the resources, experience and competence.
4. The undersigned understands that furnishing of false information could result in my disqualification.
5. The undersigned also hereby commit that I am not a KFL Employee/ Loading / Unloading worker, also I am not an immediate relative of any of the above mentioned people.

Name & Signature of the Bidder: